
# ഗവ:എൽ.പി. സ്കൂൾ, പുറവയൽ

# അക്കാദമിക മാസ്റ്റർ പ്ലാൻ 2025-26




'സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതി'



"വിദ്യാഭ്യാസം എന്നാൽ എഴുത്തും
വായനയും പഠിക്കുക എന്നതല്ല. അത്
പ്രതിസന്ധികളെ തരണം ചെയ്യാനുള്ള
കരുത്താർജ്ജിക്കലാണ്."

-ഗാന്ധിജി-

# ആമുഖം

കാലത്തിന്റെയും ദേശത്തിന്റെയും മാറി വരുന്ന അഭിരുചികൾക്കും അവബോധങ്ങൾക്കുമനുസരിച്ച് നിരന്തരം നവീകരിക്കപ്പെട്ടുകൊണ്ടാണ് വിദ്യാഭ്യാസം വളരുന്നത്. ഇത്തരം കാലോചിതമായ മാറ്റങ്ങൾ കൊണ്ട് പൊതു വിദ്യാഭ്യാസ രംഗത്ത് ഉയർന്ന നേട്ടങ്ങൾ കൈവരിച്ച സംസ്ഥാനമാണ് കേരളം. വിദ്യാഭ്യാസ നിലവാരം, ഫലപ്രദമായ ക്ലാസ്റൂം ഇടപെടൽ, അടിസ്ഥാന സൗകര്യങ്ങൾ, സുരക്ഷിതമായ സ്കൂളുകളും ശിശു സംരക്ഷണവും ഡിജിറ്റൽ ലേണിങ് വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഭരണ നിർവ്വഹണം എന്നിങ്ങനെ പല മാനദണ്ഡങ്ങളും ആ നേട്ടങ്ങൾക്ക് കാരണമായിത്തീർന്നു.

പൊതു വിദ്യാഭ്യാസമെന്ന ആശയം അതിന്റെ അർത്ഥപൂർണ്ണമായ തലത്തിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ ഒരു വിദ്യാലയത്തിന്റെ നടത്തിപ്പിന് കൂടുതൽ കരുത്തും ജീവനും നൽകുന്ന ആസൂത്രണവും വികസന രേഖകളും അത്യന്താപേക്ഷിതമാണ്. അതായത് കാലത്തിന്റെ ആവശ്യങ്ങൾ നിറവേറ്റിക്കൊണ്ടുള്ള ഇത്തരം ആസൂത്രണങ്ങൾ സ്കൂളുകളുടെ മുഖച്ഛായ തന്നെ മാറ്റി മറിക്കും. ഭൗതിക സാഹചര്യങ്ങൾക്കൊപ്പം കുട്ടികളിലെ അറിവ്, കഴിവ്, വ്യക്തിത്വം എന്നിവയെല്ലാം വികസിക്കുന്നതാവണം ഒരു വിദ്യാലയത്തിന്റെ പ്രാഥമിക ദൗത്യം. നമ്മുടെ സ്കൂളിന്റെ സമഗ്ര വികസനത്തിലേയ്ക്ക് ഒരു കാൽവയ്പായി ഈ അക്കാദമിക മാസ്റ്റർ പ്ലാൻ മാറുമെന്ന പ്രത്യാശയോടെ......

# അടിസ്ഥാന വിവരങ്ങൾ

| | |
|---|---|
| വിദ്യാലയത്തിന്റെ പേര് | : ഗവ. എൽ. പി. എസ്. പുറവയൽ |
| വിലാസം | : ഉളിക്കൽ (P.O) പുറവയൽ. |
| സ്കൂൾ കോഡ് | : 13407 |
| വിദ്യാഭ്യാസ ഉപജില്ല | : ഇരിക്കൂർ |
| വിദ്യാഭ്യാസ ജില്ല | : കണ്ണൂർ |
| ാവന്യൂ ജില്ല | : കണ്ണൂർ |
| ബി. ആർ. സി | : പഴയങ്ങാടി |
| സി. ആർ. സി. | : ഉളിക്കൽ |
| ഗാമ പഞ്ചായത്ത് | : ഉളിക്കൽ |
| ബ്ലോക്ക് പഞ്ചായത്ത് | : ഇരിക്കൂർ |
| ില്ലാ പഞ്ചായത്ത് | : കണ്ണൂർ |
| യമ സഭാ മണ്ഡലം | : ഇരിക്കൂർ |
| ാക്സഭാ മണ്ഡലം | : കണ്ണൂർ |
| താലൂക്ക് | : ഇരിട്ടി |
| വില്ലേജ് | : വയത്തൂർ |
| ഇ മെയിൽ | : puravayalglps1@gmail.com |

## മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ.

### അക്കാദമികം

- വായനാ പരിപോഷണം.
- ഒന്നാം ക്ലാസ് ഒന്നാംതരം
- ഐ.ടി. പരിശീലനം
- ലൈബ്രറി വിതരണം
- പഠനയാത്രകൾ
- കലാ- കായിക മേളകൾ
- ഗണിത ശേഷീവികസനം
- പ്രവേശനോത്സവം

ഇംഗ്ലീഷ് പഠന പരിപോഷണം

പ്രവൃത്തി പരിചയ പഠനം

വിഭവ വിനിയോഗം

ക്ലബ്ബ് പ്രവർത്തനങ്ങൾ

SRG ശാക്തീകരണം

വിദ്യാരംഗം

പരിശീലനങ്ങൾ

സർഗാത്മകത പരിപോഷണം.

## ഭൗതികം

- ലൈബ്രറി
- കളിസ്ഥലം
- സ്മാർട്ട് ക്ലാസ്റൂം
- ചുറ്റുമതിൽ
- ക്ലാസ് മുറികൾ
- ഡിജിറ്റൽ ലേണിങ്
- ജൈവ വൈവിധ്യ പാർക്ക്
- ഔഷധത്തോട്ടം / പൂന്തോട്ടം
- കുടിവെള്ളം
- ഉച്ചഭക്ഷണം

## സാമൂഹികം

- പി. ടി. എ ശാക്തീകരണം
- എൽ. എസ്. എസ് - മികവ്

# മലയാളം

ആമുഖം :

ഒന്നാം ക്ലാസിലെ കുട്ടികളുടെ സമഗ്രവികസനമാണ് ലക്ഷ്യം വയ്ക്കുന്നത്. അക്കാദമിക നേട്ടങ്ങളോടൊപ്പം കുട്ടികളുടെ ശാരീരികവും മാനസികവും വൈകാരികവുമായ നേട്ടങ്ങൾ കൈവരിക്കാൻ ആവശ്യമായ ഇടപെടലുകൾ ലക്ഷ്യം വയ്ക്കേണ്ടതുണ്ട്. ഒന്നാം ക്ലാസിലേക്ക് കടന്നു വന്ന മുഴുവൻ കുട്ടികളും ഭാഷയിൽ ലളിതമായ ബാലസാഹിത്യ കൃതികൾ വായിച്ച് ആശയം പറഞ്ഞും എഴുതിയും പങ്കിടാൻ കഴിവുള്ളവരാക്കുക. സ്വതന്ത്ര രചന നടത്താൻ കഴിവുള്ള വരാക്കുക എന്നതാണ് മുന്നോട്ട് വയ്ക്കുന്ന ലക്ഷ്യങ്ങൾ. ഈ രീതിയിൽ മുഴുവൻ കുട്ടികൾക്കും ഉയർന്ന പഠന നിലവാരം ഉറപ്പാക്കേണ്ടതുണ്ട്.

പൊതുവിദ്യാഭ്യാസ വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കുന്ന സമഗ്ര ഗുണമേന്മ പദ്ധതിയുടെ ഭാഗമായി ക്ലാസിലെ കുട്ടികൾക്ക് പ്രകടമായ മാറ്റം ഉണ്ടാക്കുന്നതിന് വേണ്ടിയാണ് ക്ലാസ് അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നത്.

## പാട്ടരങ്ങ്.

ജൂൺ - മാർച്ച്

### ഉപലക്ഷ്യങ്ങൾ.

ഒന്നാം ക്ലാസിൽ ഭാഷാപഠനവുമായി ബന്ധപ്പെട്ട് വളരെ പ്രധാനമായ സ്ഥാനമാണുള്ളത്. താളാത്മകമായ ഭാഷ ആശയാവതരണ രീതിപ്രകാരമുള്ള ഭാഷാപഠനത്തെ സ്വാധീനിക്കുന്ന ഘടകങ്ങളിലൊന്നാണ്. കുട്ടികളിലെ താളബോധവികസനത്തിനും പാഠ്യപദ്ധതി ഊന്നൽ നൽകുന്നു. കുട്ടികളിൽ പഠനതാല്പര്യം വളർത്താനും പഠനം ആസ്വാദ്യമാകുന്നതിനും സഹായകമാണ് പാട്ടുകൾ. വൈവിധ്യമുള്ള പാട്ടുകൾ പരിചയപ്പെടുത്തുന്നതിനും അവ ചെറു സദസിനു മുമ്പാകെ അവതരിപ്പിക്കുന്നതിനും കുട്ടികൾക്ക് അവസരം ഒരുക്കുന്ന പാട്ടരങ്ങ് വർഷം മുഴുവൻ നീണ്ടുനിൽക്കുന്ന പ്രവർത്തനമാണ്.

പരിഷ്കരിച്ച പാഠ്യപദ്ധതി പ്രകാരം ഒന്നാം ക്ലാസിൽ പാട്ടുമായി ബന്ധപ്പെട്ട പഠനലക്ഷ്യങ്ങൾ ഭാഷാവികാസ മേഖലയിലും സർഗാത്മക സൗന്ദര്യാത്മക വികാസ മേഖലയിലും ഉണ്ട്. അവ നേടുക എന്നതാണ് പാട്ടരങ്ങിന്റെ പ്രധാന ലക്ഷ്യം. പഠനലക്ഷ്യങ്ങൾ ചുവടെ നൽകുന്നു.

### പ്രവർത്തന ഘട്ടങ്ങൾ.

1. പാട്ടരങ്ങുകളിൽ അവതരിപ്പിക്കുന്നു. താളത്തിനനുസരിച്ച് ശരീര ചലനങ്ങളിലൂടെ ആകർഷകമായി ചൊല്ലുന്നു.

2. ചെറു സദസ്സുകളിൽ കഥകൾ, പാട്ടുകൾ, കവിതകൾ, അഭിനയ ഗാനങ്ങൾ എന്നിവ സംഘമായും ഒറ്റയ്ക്കും കൂട്ടായി രൂപപ്പെടുത്തിയ മാനദണ്ഡങ്ങൾ പ്രകാരം ഭാവാത്മകമായി അവതരിപ്പിക്കുന്നു.

3. ചൊല്ലിക്കേൾക്കുന്ന പാട്ടുകൾ ഈണവും താളവും പാലിച്ചു കൊണ്ട് ഏറ്റു ചൊല്ലുന്നു.

4. പാട്ടുകളുടെ താളത്തിനനുസരിച്ച് ഒറ്റയ്ക്കും കൂട്ടായും കൈകൾ കൊട്ടിയും ചുവടുകൾ വച്ചും ശരീരം ചലിപ്പിക്കുകയും ചെയ്യും.

5. താളവൈവിധ്യം ഉള്ള പാട്ടുകൾ ഒറ്റയ്ക്കും കൂട്ടമായും ചൊല്ലും.

6. പാടി പഠിച്ച പാട്ടുകൾ കൂട്ടുകാർക്ക് ഏറ്റുചൊല്ലാവുന്ന തരത്തിൽ താളവും ഈണവും പാലിച്ചു കൊണ്ട് പാടി കൊടുക്കുന്നു.

7. പാഠപുസ്തകത്തിലെ വരികളും വായ്ത്താരികളും താളത്തോടെയും ഈണത്തിലും സ്വതന്ത്രമായി ചൊല്ലുന്നു.

## സംയുക്ത ഡയറി

ജൂൺ – മാർച്ച്

2023-24 അക്കാദമിക വർഷം കേരളത്തിലെ ഒന്നാം ക്ലാസിൽ പ്രയോഗിച്ച് വിജയം കണ്ട പരിപാടിയാണിത്. ഒന്നാം ക്ലാസിലെ എല്ലാ കുട്ടികളെയും സംയുക്ത ഡയറിയെഴുത്ത് സഹായമാണ്. സ്വതന്ത്ര രചയിതാക്കൾ ആക്കുന്നതിന്.

## ഉപലക്ഷ്യങ്ങൾ.

1. കുട്ടിയുടെ സ്വതന്ത്ര രചനാശേഷി വികസിപ്പിക്കുന്നു.
2. പരിചയിച്ച അക്ഷരങ്ങൾ പുതിയ രചനാസന്ദർഭങ്ങളിൽ നിരന്തരം പ്രയോഗിക്കാൻ അവസരം ഒരുക്കുന്നു.
3. കുട്ടികളുടെ അനുഭവങ്ങളും ചിന്തകളും ആശയങ്ങളും പ്രതിദിനം ചിത്രം സഹിതം ചെറു വാക്യങ്ങളിൽ രേഖപ്പെടുത്തുക.
4. ആശയാവതരണരീതിയുടെ ഉയർന്ന രൂപങ്ങളിൽ ഒന്നെന്ന രീതിയിൽ സംയുക്ത ഡയറിയെഴുത്തിനെ പ്രയോജനപ്പെടുത്തുകയും. തനിച്ചെഴുത്തിലേക്ക് വഴിയൊരുക്കുകയും ചെയ്യുന്നു.

## പ്രവർത്തനഘട്ടങ്ങൾ.

* ക്ലാസ് പി ടി എ യോഗം വിളിച്ച് പ്രക്രിയ ബോധ്യപ്പെടുത്തൽ.
* ഡയറിയെഴുത്ത് മൂലമുണ്ടായ ഭാഷാപരമായ മുന്നേറ്റം വ്യക്തമാക്കൽ.
* കുട്ടികളോടൊപ്പമിരുന്ന് സംയുക്തഡയറി എഴുതി പ്രക്രിയ മനസിലാക്കൽ.
* സംയുക്തഡയറി എഴുതുന്നതിനായി ഓരോ കുട്ടിക്കും ചെറിയ ഒരു നോട്ട്ബുക്ക് ഉറപ്പാക്കൽ.
* എല്ലാ ദിവസവും ടീച്ചർ ഡയറി പരിശോധിക്കും.
* സ്നേഹവും ശരിയും സമ്മതത്തോടെയുള്ള തിരുത്തലും നടത്തും.
* ഡയറിയെഴുതുന്നതിന് വീട്ടിൽ പിന്തുണാന്തരീക്ഷം കുറവുള്ള കുട്ടികൾക്കായി വിദ്യാലയത്തിലെ മുതിർന്ന കുട്ടികൾ, സഹ അധ്യാപകർ എന്നിവരുടെ സേവനം പ്രയോജനപ്പെടുത്തി ആഴ്ചയിൽ ഒരു ഡയറിയെങ്കിലും ഉറപ്പാക്കൽ.

* സംയുക്ത ഡയറിയിലെ പുരോഗതി അധ്യാപിക വിലയിരുത്തുന്നതാണ്.
* സംയുക്ത ഡയറിയിലെ ഓരോ കുട്ടിയുടെയും മികച്ച രചനകൾ ഡിജിറ്റൽ പോർട്ട്ഫോളിയോ ആയി സൂക്ഷിക്കുന്നു.
* 2025 ജനുവരി മുതൽ മാർച്ച് വരെയുള്ള കാലയളവിൽ ഒന്നാം ക്ലാസുകാർക്കെല്ലാം പ്രാതിനിധ്യം വരത്തക്ക വിധം തെരഞ്ഞെടുത്ത ഡയറികൾ അച്ചടിച്ച് പ്രസിദ്ധീകരിക്കും.

## വായനോത്സവം

വായനോത്സവത്തിന് ഭാഗമായി സംയുക്തവായനയിൽ തുടങ്ങി ബാലസാഹിത്യ കൃതികളുടെ വായനയിൽ അവസാനിക്കുന്ന പ്രവർത്തനങ്ങളാണ് ഇതിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്. കുട്ടികളെ സ്വതന്ത്ര വായനക്കാരാക്കി മാറ്റുക എന്നതാണ് ഈ പ്രവർത്തനത്തിന്റെ പൊതു ലക്ഷ്യങ്ങൾ.

ഉപലക്ഷ്യങ്ങൾ.

* ഒന്നാം ക്ലാസിൽ എല്ലാ കുട്ടികൾക്കും വായിക്കുന്നതിനായി പുസ്തക ശേഖരം ഉണ്ടാക്കുക.
* രക്ഷിതാക്കളെ കുട്ടികളുടെ വായനയിൽ പങ്കാളിയാക്കുക.
* എല്ലാ കുട്ടികളെയും സ്വതന്ത്ര വായനക്കാരാക്കുക.
* വായിച്ചു ഗ്രഹിച്ച ആശയങ്ങൾ പങ്കിടുന്ന കുട്ടികളുടെ വാചിക അവതരണശേഷി വികസിപ്പിക്കുക.
* ആശയ ഗ്രഹണ വായന ആസ്വാദ്യവായന എന്നിവ പ്രോത്സാഹിപ്പിക്കുക.
* കുട്ടികൾ വായനയിൽ നേടിയ ശേഷി പൊതുസമൂഹവുമായി പങ്കിടുക.

## പ്രവർത്തന ഘട്ടങ്ങൾ

### ജൂൺ

→ ക്ലാസ് ലൈബ്രറി രൂപീകരിക്കൽ (ഒന്നാം ക്ലാസുകാരുടെ നിലവാരത്തിന് യോജിച്ചവ. ചിത്രങ്ങൾ കൂടുതലും എഴുത്ത് കുറവുള്ളതും തിരഞ്ഞെടുക്കുക.

→ ക്ലാസ് പി.ടി.എ കൂടുന്നു.

### ജൂലൈ

→ കുട്ടിയും രക്ഷിതാവും ചേർന്നുള്ള വായന പരിചയപ്പെടുത്തൽ.

→ പുസ്തകം ഓരോ കുട്ടിക്കും നൽകുന്നു.

→ അമ്മ വായിച്ചു കേൾപ്പിച്ച കഥ ക്ലാസിൽ പറയുന്നു. (ആശയം ഉൾച്ചേർത്തുവേണം)

→ വായിച്ച കഥയിലെ ഇഷ്ട കഥാപാത്രത്തെ ചിത്രീകരിക്കുന്നു. പേര് എഴുതുന്നു.

### ആഗസ്റ്റ് - നവംബർ

→ കഥാപുസ്തകം നൽകുന്നു. കുട്ടി ചിത്രം നോക്കി കഥ പറയുന്നു. (ഊഹിച്ച്)

→ അമ്മ കഥ വായിക്കുന്നു. ബാക്കി കഥാസന്ദർഭം ചിത്രം നോക്കി കുട്ടി ഊഹിച്ച് പറയുന്നു.

→ അമ്മ ഓരോ പേജായി ചിത്രസൂചനകൾ ചേർത്ത് ഓരോ വാക്യത്തിന് ചുവട്ടിലൂടെയും വിരൽ ഓടിച്ച് വായിക്കുന്നു. കുട്ടി കേൾക്കുന്നു.

→ രണ്ട് മൂന്ന് തവണ അമ്മ വായിക്കുന്നു.

→ ക്ലാസ് പിടിഎയിൽ കഥ അവതരണം.

ഡിസംബർ - ഫെബ്രുവരി

→ പുസ്തകം നോക്കി കുട്ടി തനിയെ വായിക്കാൻ ശ്രമിക്കുന്നു. അമ്മയുടെ സഹായത്തോടെ വായിക്കുന്നു.

→ രണ്ട് മൂന്ന് തവണ ഒരേ പുസ്തകം വായിക്കുന്നു. (ക്രമപ്പെട്ട ഭാഗം ഓർമ്മിപ്പിച്ചുകൊണ്ട്)

→ കഥയുടെ അംശം കുട്ടി തന്നെ വായിച്ചു പറയുന്നു.

→ പഠനോത്സവത്തിൽ പൊതുജനങ്ങൾക്ക് മുന്നിൽ ലഭ്യമാക്കിയിട്ടുള്ള രചനകൾ വായിക്കൽ.

മാർച്ച്

→ കഥോത്സവം (വായനയുടെ മൂന്നാം ഘട്ടം)

→ രക്ഷിതാവിന്റെ നേതൃത്വത്തിൽ കഥാപുസ്തകങ്ങൾ വായിച്ചു കേട്ട കുട്ടികൾ അവ ക്ലാസിൽ പങ്കിടുന്ന പ്രവർത്തനം.

→ ക്ലാസ് പി.ടി.എ.യിൽ പുസ്തക വായന.

ഏപ്രിൽ മെയ്

→ വായനയ്ക്ക് അവധിയില്ല. എന്നതിലൂടെ കുട്ടികൾക്ക് അവധിക്കാലത്ത് പുസ്തകങ്ങൾ നൽകുന്നു.

→ വീഡിയോ പങ്കിടൽ.

# നിർമ്മാണ ശില്പശാല

പ്രവൃത്തി പരിചയവും ഭാഷയും ഉദ്ഗ്രഥിച്ചുള്ള പ്രവർത്തനമാണിത്. മൂന്നാം യൂണിറ്റിലെ അർച്ചോ ഇർമോ എന്ന പാഠഭാഗവുമായി ബന്ധപ്പെട്ടാണ് നിർമ്മാണ ശില്പശാല നടത്തുന്നത്.

ഉപലക്ഷ്യങ്ങൾ.

* പരിസ്ഥിതി സൗഹൃദമായ കളിയുപകരണങ്ങൾ പരിചയപ്പെടുത്തുക.
* പ്രാദേശികമായി ലഭ്യമായ വസ്തുക്കളെ കളിപ്പാട്ടങ്ങളാക്കി മാറ്റുക.
* കുട്ടികളുടെ കരവിരുതും കലാപരമായ ശേഷിയും വികസിപ്പിക്കുക.

## പ്രവർത്തന ഘട്ടങ്ങൾ

1) ക്ലാസ് പി.ടി.എ യിൽ നിർമ്മാണ ശില്പശാലയുടെ പ്രസക്തി ബോധ്യപ്പെടുത്തൽ.
2) നിർമ്മിക്കേണ്ട ഇനങ്ങൾ തീരുമാനിക്കൽ.
3) നിർമ്മാണത്തിൽ വൈദഗ്ധ്യമുള്ളവരെ കണ്ടെത്തൽ.
4) നിർമ്മാണത്തിനുള്ള അസംസ്കൃത വസ്തുക്കളുടെ സമാഹരണത്തിന് ചുമതലപ്പെടുത്തൽ.
5) എല്ലാ കുട്ടികളെയും പ്രകൃതിയിൽ നിന്നും ലഭിക്കുന്ന വസ്തുക്കൾ ഉപയോഗിച്ചുള്ള കളിപ്പാട്ടങ്ങൾ പരിചയപ്പെടുത്തുന്നു.
6) മുതിർന്നവരുടെ സഹായത്തോടെ കുട്ടികൾക്ക് ഉണ്ടാക്കാവുന്ന ലളിതമായ കളിയുപകരണങ്ങളും മാതൃക നോക്കി ഉണ്ടാക്കാവുന്നവയും രക്ഷിതാക്കൾ ഉണ്ടാക്കുന്നവയും വിദഗ്ധർ ഉണ്ടാക്കുന്നവയും പരിഗണിക്കുന്നു.

7) നിർമ്മാണ ശില്പശാല തീയതി തീരുമാനിക്കൽ.

8) ഉദ്ഘാടനം, പ്രചരണം (പോസ്റ്റർ, നവമാധ്യമങ്ങൾ)

9) നിർമ്മാണ ശില്പശാലയ്ക്ക് ആർട്ട്ഫോ ഇൻഡോ എന്ന പാഠഭാഗത്തിലെ പാട്ടുകൾ പ്രയോജനപ്പെടുത്തുന്നു.

10) നിർമ്മിച്ച വസ്തുക്കളുടെ പ്രദർശനം.

11) കളിപ്പാട്ട നിർമ്മാണ ശില്പശാല സംഘാടന വഴിയിലെ ഉള്ളടക്കം ആവണം.

## രചനോത്സവം

ആശയാവതരണരീതി പ്രകാരമുള്ള ഭാഷാ പഠനത്തിൽ കുട്ടികളുടെ ആശയ പ്രകാശനത്തിന് അനുയോജ്യമായ രചനാപ്രവർത്തനങ്ങൾ ആവശ്യമാണ്. തുറന്ന ചോദ്യങ്ങളും ചലനാത്മക ചിത്രങ്ങളും പ്രയോജനപ്പെടുത്തി കുട്ടികളുടെ ഭാവന ഉണർത്തി രചനയിലേക്ക് നയിക്കണം. രചനകളിലെ വൈവിധ്യം മറ്റു കുട്ടികളുടെ സൃഷ്ടികൾ വായിക്കുന്നതിന് പ്രേരിപ്പിക്കും. മാത്രമല്ല സർഗാത്മക രചനകൾ വേഗം അംഗീകാരം നേടുകയും ചെയ്യും. രണ്ടാം ടേം മുതൽ ~~രചന~~ രചനോത്സവം ആരംഭിക്കാം.

### ഉദ്ദേശ്യങ്ങൾ.

1) കുട്ടികളുടെ സർഗാത്മക ശേഷി വികസിപ്പിക്കുന്നതിന്

2) സ്വതന്ത്ര രചനയ്ക്ക് (ലഘു വാക്യങ്ങളിൽ ആശയപ്രകാശനം) അവസരം ഒരുക്കുക.

3) അനുയോജ്യമായ ചിത്രം വരച്ച് രചനയെ ആകർഷകമാക്കുക.

4) രചനകൾ സമൂഹവായനയ്ക്കായി പങ്കിടുക.

## പ്രവർത്തന ഘട്ടങ്ങൾ

* രക്ഷിതാക്കൾക്കായി രക്ഷിതാക്കളുമായി ശില്പശാല
* ഭാവന ഉണർത്തുന്ന ചലനാത്മക ചിത്രങ്ങൾ തിരഞ്ഞെടുക്കൽ
* ചിത്രങ്ങൾ ആ ചിത്ര സന്ദർഭത്തെ വിശകലനം ചെയ്യുന്നതിനായി ചോദ്യങ്ങൾ ഉന്നയിക്കുന്നു.
* ഓരോ അദ്ധ്യായത്തിലും ഒന്ന് വീതം എല്ലാ കുട്ടികൾക്കും ലഭ്യമാക്കൽ.
* ചോദ്യങ്ങളും ചിത്രവും വിശകലനം ചെയ്ത ശേഷം കുട്ടികളുടെ പലവിധ പ്രതികരണങ്ങൾ.
* കുട്ടികൾക്ക് സർഗാത്മകരചനയിൽ ഏർപ്പെടാൻ അവസരം.
* രക്ഷിതാക്കളുടെ പിന്തുണയോടെയും രചനയിലേർപ്പെടാം.
* എല്ലാ കുട്ടികളുടെയും തെരഞ്ഞെടുത്ത രചനകൾ ഉൾപ്പെടുത്തി ക്ലാസിനൊന്നാകെ കൂട്ടെഴുത്തുകൾ പ്രകാശിപ്പിക്കുന്നു.

## വിലയിരുത്തൽ.

1) സ്വയം വിലയിരുത്തൽ
2) പരസ്പരം വിലയിരുത്തൽ നടത്തിയ മെച്ചപ്പെടുത്തൽ.
3) ~~ടീച്ചറുടെ~~ അധ്യാപികയുടെ വിലയിരുത്തൽ : പിന്നോക്കം നിൽക്കുന്ന കുട്ടിയെ പരിഗണിക്കാൻ
4) രക്ഷിതാക്കളുടെ വിലയിരുത്തൽ : കുട്ടിയുടെ പഠനമികവ് കണ്ടെത്താൻ
5) വിദ്യാലയത്തിലെ മറ്റുള്ളവരുടെ വിലയിരുത്തൽ : ഒന്നാം ക്ലാസിലെ മികവാർന്ന പ്രവർത്തനങ്ങൾ മനസിലാക്കാൻ
6) സമൂഹത്തിന്റെ വിലയിരുത്തൽ : സ്കൂൾ പ്രവർത്തനങ്ങൾ മനസിലാക്കാൻ.

# ഗണിതം

## ഉപലക്ഷ്യങ്ങൾ :

1) ഗണിതം കൂടുതൽ ആസ്വാദ്യകരമായ വിഷയം ആക്കി തീർക്കാനും പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിനും.
2) വസ്തുക്കളെ ഗണിതാശയങ്ങൾ ഉൾപ്പെടുത്തി അവതരിപ്പിക്കാനും വ്യാഖ്യാനിക്കാനും ഉള്ള കഴിവ് കുട്ടികളിൽ വളർത്തുന്നു.
3) സംഖ്യാബോധം, സങ്കലനം, വ്യവകലനം, സംഖ്യാവ്യാഖ്യാനം തുടങ്ങിയ പാഠങ്ങൾ ലക്ഷ്യം വെച്ചു കൊണ്ടുള്ള പ്രവർത്തനങ്ങൾക്ക് മുൻതൂക്കം.

## പ്രവർത്തന വിശദാംശങ്ങൾ.

* ഗണിത കേളികൾ
* മഞ്ചാടി സഞ്ചി
* എന്റെ കുഞ്ഞു പുസ്തകം.

## ഗണിത കേളികൾ

ക്ലാസ്സ് റൂമിൽ കുട്ടികൾക്കായി രസകരമായ നിരവധി ഗണിത കേളികൾ നടത്തുന്നു. എല്ലാ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പാക്കി. ജൂൺ മാസം മുതൽ മാർച്ച് മാസം വരെ തുടരുന്നു.

## മഞ്ചാടി സഞ്ചി

രക്ഷിതാക്കളുടെ സഹായത്തോടെ എല്ലാ കുട്ടികൾക്കും മഞ്ചാടി സഞ്ചി. മഞ്ചാടി സഞ്ചിയുടെ ഉപയോഗം പ്രാധാന്യം ഇവ രക്ഷിതാക്കളെ ബോധ്യപ്പെടുത്തുന്നു. മഞ്ചാടി സഞ്ചിയിലേക്ക്

ആവശ്യമായ വസ്തുക്കൾ ശേഖരിക്കാൻ രക്ഷിതാക്കൾക്കും കുട്ടികൾക്കും നിർദ്ദേശം നൽകുന്നു. മഞ്ചാടി സഞ്ചി ജൂൺ മുതൽ മാർച്ച് വരെ നടപ്പാക്കുന്നു.

## എന്റെ കുഞ്ഞു പുസ്തകം.

എല്ലാ കുട്ടികൾക്കും എന്റെ കുഞ്ഞു പുസ്തകം നിർമ്മിക്കുന്നു. ഫലപ്രദമായി ക്ലാസ്സ്മുറികളിൽ പ്രയോജനപ്പെടുത്തുന്നു. ജൂൺ മുതൽ മാർച്ച് വരെ.

# പരിസര പഠനം

## ഉദ്ദേശ്യങ്ങൾ.

1) കുട്ടികളിൽ ശാസ്ത്രീയമായ അറിവുകൾ വളർത്തിയെടുക്കുക.
2) തന്റെ പരിസരവുമായി ഇഴുകി ചേർന്നു പഠിക്കുന്നതിന്
3) കുട്ടികൾ ശാസ്ത്രീയ വശങ്ങൾ മനസിലാക്കി നിരീക്ഷണങ്ങളിലൂടെ പരിശോധനങ്ങളും കണ്ടെത്തലുകളും നടത്തി സ്വന്തമായി നിഗമനങ്ങൾ രൂപപ്പെടുത്തുന്നു.
4) ശാസ്ത്ര ബോധം വളർത്തിയെടുക്കൽ.

## പ്രവർത്തന ഘട്ടങ്ങൾ

- പ്രകൃതി നടത്തം നിരീക്ഷണങ്ങൾ (മരങ്ങൾ, പൂക്കൾ, ചെടികൾ, പക്ഷികൾ)
- ആൽബം നിർമാണം (പക്ഷികൾ, ആവലുകൾ, പൂക്കൾ, പഴങ്ങൾ ശാസ്ത്ര പതിപ്പുകൾ)
- പരിസ്ഥിതി ഗാനങ്ങൾ ആലപിക്കൽ.
- അടുക്കളത്തോട്ടം നിർമ്മാണം
- ഔഷധത്തോട്ടം ഒരുക്കൽ
- സ്കൂൾ പൂന്തോട്ട നിർമാണം
- പല പരീക്ഷണങ്ങളിൽ ഏർപ്പെടുന്നു.

# English

## Objectives:

- Increase the learner's ability in picture reading. help the learner to listen and understand Simple English
- Increase the ability of children to read and understand Simple English.
- Help the learner in graphic reading and writing
- Encourage them to obey the instruction.
- Help them to answer the instruction questions.
- Help them in understand the instructions and act accordingly.

## Activities:

### June

- Games, action Song, hello English activities.
- picture reading in mother tongue.
- presentation of what is Seen in the picture.
- Graphic reading Simple word and Sentences in the lesson.
- Drawing and colouring.

## July

- Picture reading
- Graphic reading and writing
- Identify Simple words in the given text.
- Identify Simple action words.
- Basheer day.

## August

- Picture reading and responding orally.
- Identify Simple words from cards.
- Comprehend the idea and do the appropriate action
- Sing Simple Songs
- Read the texts graphically
- Independence day-Sing Simple Song.

## September

- picture reading, Say Simple Sentences about the picture.
- Graphic reading of the evolving texts.
- Listen to teacher's Song and act accordingly.
- understand the instructions and do like that.

- Read the picture and predict the texts.
- Onem - identify the different flowers and Colours.

## October

- Picture reading
- Identify the names of animals and birds.
- Identify the Sounds of birds and animals.
- Arrange the Sentence according to the Story.

## November

- children's day - listen Simple Stories. and Songs.
- Comprehence the given picture.

## December

- picture reading
- christmas greeting cards.

## January

- making new year greeting card
- Discribe a picture in Simple words and Sentences
- Add more lines to Song.

# February

- Read and enjoy the stories in tex book
- Drawing of animals, birds, fruits, vegetables and colouring
- Describe them
- Act and mime the situation.
- Listen to Songs and Sing rhythmically
- Listen to question and responds orally.
- Reading aloude the words and write them correctly.